


# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽഓഡിറ്റ്സൊസൈറ്റി,കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്  - പാറശാല

ഗ്രാപഞ്ചായത്ത് - പൂവാർ

വാർഡ് - പൂവാർ ബീച്ച് വാർഡ്11

ഗ്രാമസഭ തീയതി-26/11/19

സമയം  -   2.30 pm

<u>ആമുഖം</u>

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ

ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ  അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ  അതിർത്തിയും കേരളത്തിൻറെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്.  തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ,  തിരുപുറം എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

### പൂവാർ പഞ്ചായത്ത്

1969 സെപ്റ്റംബർ 25ന് ആണ് പൂവാർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലയിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് പൂവാർ. മത്സ്യത്തൊഴിലാളികളും മറ്റു ദരിദ്ര ജനവിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തിന് വികസന മണ്ഡലം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒന്നാണ്. 7.3 4 സ്ക്വയർ കിലോമീറ്റർ വിസ്തീർണവും 22611 ജനസംഖ്യയും ആണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. തിരുപുറം വില്ലേജിലെ പരിധിയിലാണ് പൂവാർ പഞ്ചായത്ത് നിലനിൽക്കുന്നത് ഇപ്പോൾ പുതുതായി പൂവാർ വില്ലേജ് അനുവദിച്ചിട്ടുണ്ട്. 15 വാർഡുകളാണ് പഞ്ചായത്തിലുള്ളത്. തീരദേശ വാർഡുകൾ ഒഴികെ മറ്റു വാർഡുകൾ എല്ലാം കാർഷികമേഖലയാണ്.

പൂവാർ ഗ്രാമപഞ്ചായത്തിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ച് വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും ജനങ്ങളുടെ സഹകരണത്തോടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും പൊതുവായ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

### അടിസ്ഥാന വിവരങ്ങൾ

വില്ലേജ്                    :  തിരുപുറം

താലൂക്ക് : നെയ്യാറ്റിൻകര

ബ്ലോക്ക് : പാറശ്ശാല

നിയമസഭാമണ്ഡലം : കോവളം

ലോകസഭാ മണ്ഡലം : തിരുവനന്തപുരം

വിസ്തീർണ്ണം : 7.34 ച. കി.മീ

വാർഡുകളുടെ എണ്ണം: 15

അതിരുകൾ

കിഴക്ക് : നെയ്യാർ

വടക്ക് : തിരുപുറം ഗ്രാമപഞ്ചായത്ത്

തെക്ക് : അറേബ്യൻ കടൽ

പടിഞ്ഞാറ് : കരുംകുളം ഗ്രാമ പഞ്ചായത്ത്

ജനസംഖ്യ : 22617

ആദ്യഘട്ടം:

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 1 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:

2018 ഒക്ടോബർ മാസം ഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും

.

അഞ്ചാം ഘട്ടം:

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

പൂവാർ  ഗ്രാമപഞ്ചായത്ത്

---

1929 സെപ്റ്റംബർ 25നാണ് പൂവാർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലകളിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് പൂവാർ. മത്സ്യത്തൊഴിലാളികളും മറ്റു ദരിദ്ര ജനവിഭാഗങ്ങളും തിങ്ങി പാർക്കുന്ന ഈ പ്രദേശത്തിന്റെ വികസന മണ്ഡലം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നതാണ്.  7.3 നാല് സ്ക്വയർ കിലോമീറ്റർ വിസ്തീർണവും 22611 ജനസംഖ്യയും ആണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. തിരുപുറം വില്ലേജിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത് പ്രദേശം. ഇപ്പോൾ പൂവാർ വില്ലേജ് അനുവദിച്ചിട്ടുണ്ട്. 15 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. തീരദേശ വാർഡുകൾ ഒഴികെ വാർഡുകൾ എല്ലാം കാർഷികമേഖലയാണ്. പൂവാർ ഗ്രാമപഞ്ചായത്തിനു സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും ജനങ്ങളുടെ സഹകരണത്തോടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും പൊതുവായ വികസനപ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാനവിവരങ്ങൾ

വില്ലജ്  :  തിരുപുറം

താലൂക്ക്  :  നെയ്യാറ്റിൻകര

വിസ്തീർണ്ണ :7.34 ചതുരശ്ര കിലോമീറ്റർ വാർഡുകളുടെ എണ്ണം :15

**അതിരുകൾ**

**കിഴക്ക്            : നെയ്യാർ**

**പടിഞ്ഞാറ്        : കരുംകുളംപഞ്ചായത്ത്**

**തെക്ക്              :അറബിക്കടൽ**

**വടക്ക്              :തിരുപുറം പഞ്ചായത്ത്**

**രീതിശാസ്ത്രം**

---

**കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴേസൻസ്  ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെപൂവാർ ഗ്രാമ  പഞ്ചായത്ത് വാർഡ് 9 പൂവാറിൽ കുടിയസോഷ്യൽ ഓഡിറ്റ്  പ്രവർത്തനങ്ങൾ നടത്തിയത്.**

**ആദ്യഘട്ടം:**

**പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 9 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.**

**രണ്ടാം ഘട്ടം:**

**2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ  2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.**

**മൂന്നാം ഘട്ടം:**

**പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ**

**നാലാം ഘട്ടം:**

**ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും**

**.അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

<u>സോഷ്യൽ ഓഡിറ്റ്</u>

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് (ജി.ഒ. നം. 2952/2007,എൽ. എസ്. ജി. ഡി /തിയതി 31.10.2007) പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

<u>7 Registers പരിശോധന വിശദാംശങ്ങൾ</u>

1. job card register (തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ

തൊഴിൽ കാർഡ് രജിസ്റ്ററിൽ 181 പേരുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു . എങ്കിലും 9 തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല.

2. Demand register, payment of allocation of work

ഓരോ തൊഴിലാളികളും എത്ര ദിവസം ജോലി ചെയ്തു, അവരുടെ വേതനം , മസ്റ്ററോൾ നമ്പർ, വർക്ക് കോഡ് എന്നിവ ഉണ്ടായിരുന്നു.

3. Work register

255 പ്രവർത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരുന്നു.

4. Fixed asset register

2018-2019 വരെ പൂർത്തിയായ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

5. പരാതി register

20/10/2016 ൽ രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമേ ഉണ്ടായിരുന്നുള്ളൂ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

6. Material register

2017 മുതൽ 2020 വരെയുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

7. ഗ്രാമസഭ register

7/2/2017 മുതലുള്ള ഗ്രാമസഭാ മിനിറ്റുകൾ രജിസ്റ്ററിൽ ഉണ്ട് ഇതിൽ രണ്ട് ഗ്രാമസഭാ മിനിറ്റ്സ് സുകൾ പൂർണ്ണമല്ല.28/4/2018, 27/7/2019 തീയതികളിൽ നടന്ന ഗ്രാമസഭയിൽ ഒപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും മറ്റു രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ലായിരുന്നു.

കേന്ദ്രസർക്കാരിന്റെ  നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ  തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ  അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മസ്റ്റർ റോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ   കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ്  സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും  കോപ്പി.

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ   രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ  കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ  ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ്  ഡയറി

വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

---

1.WC/331478- ചെറുകിട പ്രവർത്തികൾ ജലസംരക്ഷണം

📓 ഫയൽ

---

* കവർ പേജ് ഇല്ലായിരുന്നു.

* ഭരണാനുമതി സാങ്കേതിക അനുമതി എന്നീ രേഖകൾ ഉണ്ടായിരുന്നു.

* ഡീറ്റെയിൽ ഡെസ്റ്റിനേഷൻ ഉണ്ടായിരുന്നു.

* കരം തീർത്ത രസീത്,  റേഷൻ കാർഡ് എന്നിവ ഉണ്ടായിരുന്നു.

* 23 പേരുടെ ഡിമാൻഡ് form ഉണ്ടായിരുന്നു എന്നാൽ 24 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

* സിഐ ബോർഡ് ഉണ്ടായിരുന്നു.

* ഒരു ഘട്ട ഫോട്ടോ ഉണ്ടായിരുന്നു.

*വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

* സൈറ്റ്ഡയറി ഉണ്ടായിരുന്നു.

*വി എം സി റിപ്പോർട്ട്, ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം എന്നിവ ഉണ്ടായിരുന്നു.

*എ ഇ, ഓവർസിയർ എന്നിവരുടെ ഒപ്പ് ഉണ്ടായിരുന്നു.

📓 ഫീൽഡ്

---

* മെഷർമെന്റ് ബുക്ക് പ്രകാരം 51 മഴക്കുഴി,21 തെങ്ങിൻ കുഴി 64 ബണ്ട് എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്..

* എന്നാൽ ഫീൽഡ് തല പരിശോധനയിൽ 40 മഴക്കുഴി 40 തെങ്ങിൻ കുഴി അൻപത് പണ്ട് എന്നിവയാണ് കാണാൻ സാധിച്ചത്.

* സി  ഐ ബി കാണാൻ സാധിച്ചു രേഖപ്പെടുത്തലുകൾ പൂർണമാണ്.



* പ്രവർത്തിക്കാനായി ചിലവഴിച്ച തുക 164048.

---

2.WC/331498- ചെറുകിടപ്രവൃത്തികൾ

ഫയൽ

---

* ഭരണാനുമതി സാങ്കേതിക അനുമതി എഫ് ടി ഓ വെച്ച് ലിസ്റ്റ് മൂല്യനിർണയ സാക്ഷ്യപത്രം ഫോട്ടോകൾ സൈറ്റ് ഡയറി എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

* മസ്റ്റർ റോൾ നമ്പർ25102, 25103, 19514, 19510, 16526, 16539 പ്രകാരം തുടർച്ചയായി ഹാജരാകാത്ത 9 തൊഴിലാളികൾ ഉണ്ടായിരുന്നു

* 28 പേരുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു ഡിമാൻഡ് ചെയ്ത എല്ലാവർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഫീൽഡ്

---

* മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ ഇപ്രകാരം 24 മഴക്കുഴി 58 തെങ്ങിൻ കുഴി 100 ബണ്ട് എന്നിവ ഉണ്ടായിരുന്നു

* ഫീൽഡ് തല പരിശോധനയിൽ 30 മഴ കുഴി 42 തെങ്ങിൻ കുഴി 36 ബണ്ട് എന്നിവ കാണാൻ സാധിച്ചു

* മഴ മൂലവും കാടുപിടിച്ച് അവസ്ഥയും ആയിരുന്നതിനാൽ കൃത്യമായ എണ്ണം രേഖപ്പെടുത്തുവാൻ സാധിച്ചില്ല.



* സി ഐ ബി ഉണ്ടായിരുന്നുവെങ്കിലും കാടുപിടിച്ച അവസ്ഥ ആയിരുന്നതിനാൽ രേഖപ്പെടുത്തലുകൾ കാണാൻ സാധിച്ചില്ല



പൊതുവായ കണ്ടെത്തലുകൾ

---

*ഫയലിലെ രേഖകൾ കൃത്യമായ ക്രമത്തിൽ അല്ല രേഖപ്പെടുത്തിയിരിക്കുന്നത് എന്ന്

പരിശോധനയിൽ മനസ്സിലായി.

* ചെക്ക് ലിസ്റ്റ് ആക്ഷൻപ്ലാൻ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം മാസ്റ്ററോൾ മൂവേമെന്റ് സ്ലിപ്പ് ഫയൽ ട്രാക്കിംഗ് ഫോം തുടങ്ങിയ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

---

* ഫയലിൽ സൂക്ഷിക്കേണ്ടത് ആയ രേഖകൾ ശരിയായ ക്രമത്തിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

* സി ഐ ബി  ലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം

* തൊഴിലാളികൾ ഡിമാൻഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതും നിർവഹണ ഏജൻസി ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

**ഗാമസഭാ പരാമർശങ്ങൾ**

---

*ആരും പാട്ടക്കരാർ നൽകാത്തതിനാൽ ജോലി ലഭിക്കുന്നില്ല അതിനാൽ ചാക്കുകളിൽ മണ്ണ് നിറച്ചു കടൽ ഫിതി നിർമ്മിക്കാനുള്ള ജോലി നൽകണം അല്ലെങ്കിൽ തണൽ മരങ്ങൾ നടാനുള്ള ജോലി നൽകണം എന്ന് പറയുകയുണ്ടായി.

റിപ്പോർട്ട് തയ്യാറാക്കിയത്

Brpഅനുശ്രീ

ചിന്നു vrp

ശരണ്യ vrp